# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 1**

---

മൂന്നാം ഘട്ട റാങ്ക് ലിസ്റ്റ് അഞ്ചിന്

## ബിരുദ പ്രവേശനം സെപ്ംബർ എട്ടിന് അവസാനിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ആർട്സ് ആന്റ് സയൻസ് കോളജുകളിലെ ബിരുദ പ്രോഗ്രാമുകളിലേക്ക് ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ നടപടികൾ സെപ്റ്റംബർ എട്ടിന് അവസാനിക്കും.

നിലവിൽ ഒഴിവുള്ള സീറ്റുകളിൽ റാങ്ക് ലിസ്റ്റ് വഴി പ്രവേശനത്തിനുള്ള ഫൈനൽ അലോട്ടമെന്റിന്റെ മൂന്നാം ഘട്ട ഓപ്ഷൻ രജിസ്ട്രേഷന് ഇന്ന്(സെപ്റ്റംബർ രണ്ട്) വൈകുന്നേരം അഞ്ചുവരെ അവസരമുണ്ട്. എയ്ഡഡ് കോളജുകളിലെ കമ്യൂണിറ്റി മെരിറ്റ് ക്വാട്ടാ സീറ്റുകളിലേക്കും ഇന്നു വൈകുന്നേരം അഞ്ചുവരെ രജിസ്ട്രേഷൻ നടത്താം.

നിലവിൽ പ്രവേശനം എടുത്തവർക്ക് മൂന്നാം ഫൈനൽ അലോട്ട്മെന്റിൽ അപേക്ഷിക്കാനാവില്ല. നിശ്ചിത സമയപരിധിക്കു ശേഷം മെരിറ്റ്, കമ്യൂമിറ്റി മെരിറ്റ് സീറ്റുകളിലേക്ക് ഓൺലൈൻ/ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം ഉണ്ടാവില്ല.

ഫൈനൽ അലോട്ട്മെന്റിന്റെ മൂന്നാം ഘട്ട റാങ്ക് ലിസ്റ്റ് സെപ്റ്റംബർ അഞ്ചിന് പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ കോളജുകൾ നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ പ്രവേശനം ഉറപ്പാക്കണം. സെപ്റ്റംബർ എട്ടിനുശേഷം പ്രവേശനം അനുവദിക്കുന്നതല്ല. സെപ്റ്റംബർ എട്ടുവരെ കോളജുകളുമായി ബന്ധപ്പെട്ട് മാനേജ്മൻറ് സീറ്റുകളിൽ പ്രവേശനം നേടാൻ അവസരമുണ്ട്.

(പി.ആർ.ഒ/39/1051/2023)

## പരീക്ഷകൾ മാറ്റി

സെപ്റ്റംബർ ഏഴ്, എട്ട് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി/ ഹിസ്റ്റോറിക്കൽ സ്റ്റഡീസ്(2021 അഡ്മിഷൻ റെഗുലർ, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി- ജൂൺ 2023) പരീക്ഷയുടെ പ്രോജക്ട് ഇവാലുവേഷൻ/വൈവ വോസി പരീക്ഷ സെപ്റ്റംബർ 11,12 തീയതികളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

...............

പത്താം സെമസ്റ്റർ ബി.ആർക്ക് പരീക്ഷയുടെ(റെഗുലറും സപ്ലിമെന്ററിയും-ജൂൺ 2023)സെപ്റ്റംബർ ഏഴ്, എട്ട് തീയതികളിൽ നടത്താനിരുന്ന തിസീസ് മൂല്യ നിർണയം, വൈവ വോസി പ

രീക്ഷകൾ സെപ്റ്റംബർ 13, 14 തീയതികളിലേക്ക് മാറ്റി. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.............

നാലാം സെമസ്റ്റർ എം.എ സി.എസ്.എസ് ഭരതനാട്യം(2021 അഡ്മിഷൻ റെഗുലർ/ 2019, 2020 അഡ്മിഷനുകൾ സപ്ലിമെന്ററി-ജൂൺ 2023) പരീക്ഷയുടെ സെപ്റ്റംബർ നാലു മുതൽ എട്ടു വരെ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടത്താൻ നിശ്ചയിച്ചിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 11 മുതൽ 14 വരെ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1052/2023)

## പ്രോജക്ട്, വൈവ

നാലാം സെമസ്റ്റർ എം.എ ഹിന്ദി സി.എസ്.എസ്(2021 അഡ്മിഷൻ റെഗുലർ, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി-ജൂൺ 2023) പരീക്ഷയുടെ പ്രോജക്ട്, വൈവ പരീക്ഷകൾ സെപ്റ്റംബർ നാലു മുതൽ അതത് കോളജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1053/2023)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജിയിൽ എം.എസ്.സി ഇൻഡസ്ട്രിയൽ പോളിമെർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ രണ്ട് ഓപ്പൺ മെരിറ്റ് സീറ്റുകൾ ഒഴിവുണ്ട്.  അർഹരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി സെപ്റ്റംബർ ഏഴിന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ(റൂം 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. ഫോൺ–9400552374

.........................

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസിൽ എം.എ ഗാന്ധിയൻ സ്റ്റഡീസ്, എം.എ ഡവലപ്മെന്റ് സ്റ്റഡീസ് പ്രോഗ്രാമുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ 45 ശതമാനം മാർക്കോടെ ബിരുദം നേടിയവരെയാണ് പരിഗണിക്കുന്നത്. അസ്സൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ നാലിന് രാവിലെ 10ന് വകുപ്പ് ഓഫീസിൽ എത്തണം.പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികൾക്ക് മിനിമം പാസ് മാർക്ക് മതിയാകും. ഫോൺ 8075909754.

(പി.ആർ.ഒ/39/1054/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എസ്.സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി(2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും-മാർച്ച് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 11 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/1055/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**